(സി) അതിനു പ ുരമായുണ്ടായ കുത്തകപ്പാട്ടച്ചട്ടത്തി (പത്തു വൽ റൂൾസ് ആക്ട് 1947) ഒരു സംജന്യം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ചില കേസുകൾ ഉള്ളതായി അറിയാം.

(ബി) പിന്നാക്കസമുദായാംഗങ്ങൾക്ക് പതിച്ചുകൊടുക്കുമ്പോൾ കൂടിശ്ശിക ഈടാക്കേണ്ടതില്ലായിരുന്നു.

(സി) ഇതിന്റെ ആവശ്യകതയെപ്പറ്റി ആലോചിക്കുന്നതാണ്.

ചക്കരച്ചെത്ത്.

7. [13] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിലെ ചക്കരച്ചെത്ത് പരസ്പരസഹായ സംഘങ്ങൾക്ക് ഗവണ്മെന്റിൽ നിന്നു പ്രതിവർഷം കൊടുക്കാറുള്ള ഗ്രാന്റ് 1954–55 എന്ന സാമ്പത്തികവർഷത്തിലേയ്ക്കുള്ളത് ടി സൊസൈറ്റി കൾക്ക് ടി വർഷത്തിൽ കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഗവണ്മെന്റിൽനിന്നു യഥാസമയം ടി സൊസൈറ്റി കൾക്ക് ടി ഗ്രാന്റിനത്തിലുള്ള ബില്ല് അയച്ചുകൊടുത്തിട്ടുണ്ടോ;

(സി) വെല്ലൂർ 465-ാംനമ്പർ സൊസൈറ്റിക്കു എന്നാണു ബില്ല ഗവണ്മെന്റിൽനിന്നയച്ചതു;

(ഡി) അവ്വിധത്തു ക്ലാഷ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ക്ലാഷ് ചെയ്യാൻ സാധിക്കാതിരുന്നതു യഥാസമയം ഗവണ്മെന്റിൽനിന്നു ബില്ലുകൾ അയയ്ക്കാതിരുന്നതുകൊണ്ടാണെന്നു ടി സൊസൈറ്റി 1955 ഏപ്രിൽ ആദ്യത്തെ ആഴ്ചയിൽ ആക്ഷേപം ബോധിപ്പിച്ചിട്ടുണ്ടോ;

(എഫ്) ഈ താമസത്തിനു കാരണമെന്തു;

(ജ) ബിൽ ക്ലാഷ് ചെയ്യാൻ സാധിക്കാതെ ഗ്രാന്റ് വാങ്ങാൻ സാധിക്കാത്ത സൊസൈറ്റികൾക്ക് ടി സംഖ്യ ഉടനെ കൊടുക്കുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഉണ്ടു.

(ബി) ഉണ്ടു.

(സി) വെല്ലൂർ 465-ാംനമ്പർ സൊസൈറ്റിക്കു 29–3–55-ൽ വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നും ബില്ല് പാസ്സാക്കി അയച്ചു കൊടുത്തു.

(ഡി) ഇല്ലെന്നാണറിവു.

(ഇ) ഉണ്ടു.

(എഫ്) 29–3–55-ൽ അയച്ച ബില്ല് സൊസൈറ്റിക്കു ക്ലാഷ് ചെയ്യുവാൻ സാധിക്കാതെയിരുന്നതു എങ്ങനെയെന്നു അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗ്രാൻഡ് വാങ്ങാൻ സാധിക്കാതെപോയ സൊസൈറ്റി കൾക്ക് ലാപ്സായ തുക കൊടുക്കുന്നതല്ല. ലാപ്സായ തുക കൂടെ കൊടുക്കുവാൻ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല. നിയമാനുസരണം അപേക്ഷിക്കുന്ന സൊസൈറ്റികൾക്ക് ഈ കൊല്ലം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക ഗ്രാൻറായി കൊടുക്കുന്നതാണ്.

Training School, Vilavancode.

8. [15] SHRI M. WILLIAM: Will the Chief Minister be pleased to state :

(*a*) whether there is any Training School for S. S. L. C. holders in the Vilavancode Taluk ;

(*b*) whether there is any Tamil Division in it ;

(*c*) how many Tamil and Malayalam (mixed) High Schools in Vilavancode ;

(*d*) whether Government have received any representations from the public regarding the opening of Tamil Division in the Vilavancode Training School ?

Answer.

(*a*) Yes. Vilavancode Training School.

(*b*) No.

(*c*) 9.

(*d*) Yes. The question is being considered by the Director of Public Instruction.

പാലപ്പിള്ളി തോട്ടം തൊഴിലാളികൾ.

9. [19] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പിള്ളി തോട്ടം തൊഴിലാളികളെ സംബന്ധിച്ച് 4-4-1955-ൽ സമർപ്പിച്ച മെമ്മോറാണ്ടം എന്തു;

(ബി) എന്തു നടപടി കൈക്കൊണ്ടു?

ഉത്തരം.

(എ) തോട്ടംതൊഴിലാളികളെ സംബന്ധിച്ച് ഇഷ്യൂ ഇൻഡസ്ട്രിയൽ ടൈബ്യൂണലിനു റഫർ ചെയ്യുമെന്നു.

(ബി) പ്ലാന്റേഷനെ പൊതുവായി സ്പർശിക്കുന്ന എല്ലാ തർക്ക വിഷയങ്ങളും സ്പെഷ്യൽ ടൈബ്യൂണലിനു വിട്ടുകൊടുത്തിട്ടുണ്ട്. മറ്റു ചിലതു പ്ലാന്റേഷൻ ലേബർ അതോറിറ്റിന്റെ പരിധിക്കുള്ളിൽ വരുന്നതുമാണ്. ഇവയിൽ ഉൾപ്പെടുത്താത്തതായി ഈ മെമ്മോറാണ്ടത്തിൽ ഒന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly